E - 178650/2022

# വിവരാവകാശ നിയമപ്രകാരം സമർപ്പിക്കുന്ന അപേക്ഷ

From

സുർജിത് രാജു
മണിമലക്കുന്നേൽ
ഒലിയപ്പുറം പി ഓ
തിരുമാറാടി 686 662

To

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി ഡയറക്ടറേറ്റ്, തിരുവനന്തപുരം

1. സാമൂഹ്യനീതി വകുപ്പിൽ 2021 ൽ പൊതു സ്ഥലം മാറ്റത്തിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ
2. ഉണ്ട് എങ്കിൽ ഏതു മാർഗം? (ഓൺലൈൻ/ഓഫ് ലൈൻ). പൊതു സ്ഥലം മാറ്റം ഓൺ ലൈൻ സംവിധാനത്തിലേക്ക് മാറിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുക?
3. 2021 ലെ പൊതു സ്ഥലം മാറ്റത്തിന് ആകെ കിട്ടിയ അപേക്ഷകൾ കാറ്റഗറി തിരിച്ച് എത്രയെന്ന് വ്യക്തമാക്കുക?
4. ഓരോ വിഭാഗത്തിലും അപേക്ഷ സമർപ്പിച്ച ഉദ്യോഗസ്ഥരുടെ പേരുവിവരം
5. 2021 ൽ ലഭ്യമായ അപേക്ഷകൾ പ്രകാരം ഇതുവരെ ഏതെല്ലാം വിഭാഗം ജീവനക്കാരുടെ സ്ഥലം മാറ്റ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്? ഉത്തരവു നമ്പറും തിയ്യതിയും ലഭ്യമാക്കുക.
6. സീനിയർ സൂപ്രണ്ട് കാറ്റഗറിയിൽ അപേക്ഷ സമർപ്പിച്ച ഉദ്യോഗസ്ഥർ ആരെല്ലാമാണ്? ഓരോരുത്തരും സ്ഥലം മാറ്റത്തിനായി ഉന്നയിച്ചിട്ടുള്ള മുൻഗണനാ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്?
7. ജില്ലാ സാമൂഹ്യനീതി ഓഫീസർമാരുടെ വിഭാഗത്തിൽ എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ട്? ഉദ്യോഗസ്ഥരുടെ പേരുവിവരം ലഭ്യമാക്കുക?
8. ജില്ലാ സാമൂഹ്യനീതി ഓഫീസർമാരുടെ വിഭാഗത്തിൽ അപേക്ഷ സമർപ്പിച്ചവർ ഇപ്പോൾ ജോലി ചെയ്യുന്ന ജില്ല, സ്ഥലം മാറ്റം ആവശ്യപ്പെട്ട ജില്ല ( മുൻഗണനാക്രമം അനുസരിച്ച് ) വ്യക്തമാക്കാമോ?
9. ഓരോ ജീവനക്കാരും മുൻഗണനാ മാനദണ്ഡമായി ഉന്നയിച്ച കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?
10. 2021 ജനുവരി മുതൽ ഇതിനോടകം എത്ര ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് സ്ഥലംമാറ്റം അനുവദിച്ചിട്ടുണ്ട്? സ്ഥലം മാറ്റം അനുവദിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ പേരുവിവരം ലഭ്യമാക്കുക?
11. സ്ഥലം മാറ്റം അനുവദിക്കപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ ഉന്നയിച്ച മുൻഗണനാ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

വിവരാവകാശ നിയമപ്രകാരം മേൽപ്രസ്താവിച്ച വിവരങ്ങൾ നൽകണമെന്ന് അപേക്ഷിക്കുന്നു.

എന്ന് Surjith

സുർജിത് രാജു

ഒലിയപ്പുറം
31.05.2022